**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 822** **04/03/2020-ലെ മറുപടിക്ക്**

## ജലാശയങ്ങളുടെ സംരക്ഷണത്തിനായി അതോറിറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം. നൗഷാദ്** | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ)സംസ്ഥാനത്തെ നദികൾ, തോടുകൾ, കുളങ്ങൾ മുതലായ പൊതുജലാശയങ്ങളെ സംരക്ഷിക്കാൻ ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ;<br>ബി)ഈ നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) & ബി) | സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ, ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുന:സ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി RBCMA ആക്ടിന്റെ കരട് തയ്യാറാക്കുന്നതിന് ഒരു 11 അംഗ സംസ്ഥാനതല കമ്മിറ്റി 03/05/2019 ൽ രൂപീകരിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ആക്ട് തയ്യാറാക്കുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഒരു 13 അംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 10/06/2019-ൽ രൂപീകരിക്കുകയുണ്ടായി. കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| സി)പൊതുജലാശയങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കാമോ; | സി) | പൊതു ജലാശയങ്ങളായ കുളങ്ങൾ, തോടുകൾ, നദികൾ എന്നിവ സംരക്ഷിക്കുന്നതിനുംപരിപാലിക്കുന്നതിനുമായി ജലസേചന വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ സേവനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മണ്ണ് |

| | |
|---|---|
| | പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയ ഏജൻസികൾ മുഖേന ജലസ്രോതസ്സുകൾ ശുചിയാക്കി, സംരക്ഷണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം നടത്തുന്നതിനോടൊപ്പം ഹരിതകേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവരുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന പ്രവർത്തനവും നടത്തി വരുന്നു. കൂടാതെ സ്രോതസ്സുകൾക്ക് സമീപം വേലികെട്ടിയും പരസ്യ ബോർഡുകൾ സ്ഥാപിച്ചും ഒരു പരിധി വരെ മലിനീകരണം തടയുവാൻ ശ്രമിക്കുന്നുണ്ട്. ഇതിനു പുറമെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതര വകുപ്പുകളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി അവ നടപ്പാക്കി വരുന്നു. |
| ഡി)നാശോന്മുഖമായ ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനായി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രത്യേക പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | ഡി) ജലസ്രോതസ്സുകളുടെ സംരക്ഷണം സാധ്യമാകണമെങ്കിൽ, പ്രകൃതിദത്ത സംരക്ഷണ യൂണിറ്റായ നീർത്തടാടിസ്ഥാനത്തിൽ പദ്ധതി രൂപപ്പെടുത്തുകയും ശുചിയാക്കുന്ന കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും വേണം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും റഡ്ജ് ടു വാലി (മുകളിൽ നിന്ന് താഴേയ്ക്ക്) സമീപനത്തോടു കൂടി ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചു വരുന്നു. കൂടാതെ, ജലസേചന കനാലുകൾക്ക് സമീപം വരുന്ന കുളങ്ങളെ അവയുമായി ബന്ധിപ്പിച്ച് ജലലഭ്യത |

സ്ഥായിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതോടൊപ്പം പുനരുദ്ധാരണം പൂർത്തിയായ കുളങ്ങളിൽ മത്സ്യം വളർത്തൽ സാധ്യതയുള്ളിടത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ മത്സ്യകൃഷിയും നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**